# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3744

24.06.2014 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും പ്രൈമറി ബാങ്കുകളുടെയും പ്രവർത്തനം കൂടുതൽ ആധുനികവൽക്കരിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം, ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. ജില്ലാ സഹകരണ ബാങ്കുകളുടെയും അർബൻ സഹകരണ ബാങ്കുകളുടെയും ഭരണ സമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള 2 പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥയുണ്ട്. 2013 ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ (2013 ലെ 8-)ം നമ്പർ നിയമം) വകുപ്പ് 28 ൽ എല്ലാ സഹകരണ സംഘങ്ങളിലും അതാത് സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യത്തിനനുസൃതമായി പ്രൊഫഷണൽ യോഗ്യതയുള്ളവരെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രാഥമിക സഹകരണ ബാങ്കുകളിലെ ചീഫ് എക്സിക്യൂട്ടീവ് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കുകയും ഉദ്യോഗക്കയറ്റം വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് ചട്ടം ഭേദഗതി ചെയ്തിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സഹകരണ ബാങ്കുകളിൽ എ.ടി.എം. കൗണ്ടറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതിക്ക് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ; | (ബി) | സഹകരണ ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിയും, പ്രവർത്തന മേഖലയും ഇടപാടുകാരുടെയും അംഗങ്ങളുടെയും ആവശ്യകതയും കണക്കിലെടുത്ത് രജിസ്ട്രാറുടെ അംഗീകാരത്തോടെ എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടത് അതാത് ബാങ്കുകളുടെ ഭരണ സമിതിയാണ്. ഇക്കാര്യത്തിൽ മറ്റ് നിയമതടസ്സങ്ങളൊന്നുമില്ല. |
| (സി) | സഹകരണ ബാങ്കുകളെ കമ്പ്യൂട്ടർവത്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം, ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. ആയതിന്റെ പ്രാരംഭ നടപടി സഹകരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടർവത്കരിക്കുക എന്നതാണ്. 2012-13 സാമ്പത്തിക വർഷം മുതൽ സർക്കാർ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവത്കരണത്തിന് ധനസഹായം അനുവദിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ